## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2378 — 19.07.2016-ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ. മുരളീധരൻ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നഗരങ്ങളിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷം നഗരസഭകൾ വരൾച്ച തടയൽ, മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ, കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, ഭൂവികസനം, വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണവും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും, പൊതു സ്ഥലങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തികൾ തുടങ്ങിയവ ഉൾപ്പെടുത്തിയാണ് ആക്ഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളത്. കൊടുങ്ങല്ലൂർ, കുന്നംകുളം, ചങ്ങനാശ്ശേരി, പാല, പത്തനംതിട്ട, കാസറഗോഡ്, മാനന്തവാടി, വർക്കല എന്നീ നഗര സഭകളാണ് നടപ്പുവർഷത്തിൽ ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും സമർപ്പിച്ചിട്ടുള്ളത്. നഗര സഭകളുടെ ആക്ഷൻ പ്ലാനും ലേബർ ബഡ്ജറ്റും സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിച്ച് അർഹതപ്പെട്ട തുകകൾ ഒന്നാം ഗഡുവായി അനുവദിച്ചു നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത നഗര സഭകളുടെ ആക്ഷൻ പ്ലാനിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. 2016-17 സാമ്പത്തിക വർഷം വിവിധ നഗരസഭകളിലായി 57988.5 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കാമോ; | (ബി) | നഗര പ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ കുടുംബത്തിനും ഉചിതമായ അന്വേഷണ നടപടികൾ പൂർത്തിയാക്കിയ ശേഷം 15 ദിവസത്തിനകം തൊഴിൽ കാർഡ് നൽകുന്നതാണ്. അപ്രകാരം പദ്ധതിയുടെ ഭാഗമായിക്കഴിഞ്ഞാൽ പരമാവധി 100 ദിവസത്തെ തൊഴിൽ നൽകിവരുന്നു. വാർഡ് സഭകൾ കൂടി പദ്ധതി വിശകലനം ചെയ്ത് ശുപാർശകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുകയും നഗരസഭാ കൗൺസിൽ പാസ്സാക്കി ആയത് ഡി.പി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തതിനു ശേഷം മേഖലാ ജോയിന്റ് ഡയറക്ടർമാർ സൂക്ഷ്മ പരിശോധന നടത്തി നഗരകാര്യ ഡയറക്ടർക്ക് ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി തുക അനുവദിച്ചു നൽകിവരുന്നു. 2012-13 സാമ്പത്തിക വർഷം മുതൽ 2016-17 വരെ (30-06-2016) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയിൽ നിന്നും 38,45,53,197/- രൂപ വിനിയോഗിച്ചിട്ടുണ്ട്. 2012-13 മുതൽ 2016-17 വർഷം വിവിധ നഗരസഭകളിലായി 12,31,981 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| 2016-17 സാമ്പത്തിക വർഷം നഗരസഭകൾ സമർപ്പിച്ച ആക്ഷൻ പ്ലാനിന്റെ വിശദാംശങ്ങൾ | | | | | | |
|---|---|---|---|---|---|---|
| ക്രമ. നം | നഗരസഭയുടെ പേര് | ഡിപിസി അംഗീകരിച്ച തുക | ജില്ലാ ജോയിന്റ് ഡയറക്ടർ ശുപാർശ ചെയ്ത തുക | ആവശ്യപ്രകാരം അംഗീകരിക്കാവുന്ന തുക | പ്രവൃത്തികളുടെ എണ്ണം | പദ്ധതി പ്രകാരം സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങൾ |
| 1 | കൊടുങ്ങല്ലൂർ | 5,00,00,000 | 1,76,50,000/- | 44,12,500 | 120 | 1,41,509 |
| 2 | കുന്നംകുളം | 1,22,66,003/- | 91,04,000/- | 22,76,000/- | 203 | 51,982 |
| 3 | ചങ്ങനാശ്ശേരി | 77,11,200/- | 77,11,200/- | 19,27,800/- | 380 | 35,700 |
| 4 | പാല | 2,35,90,708 | 2,35,90,708/- | 50,00,000/- | 40 | 73621 |
| 5 | പത്തനംതിട്ട | 1,58,50,000/- | 1,58,50,000/- | 39,62,500/- | 237 | 52293 |
| 6 | കാസറഗോഡ് | 33,86,435/- | 29,46,535/- | 7,36,664/- | 171 | 12779 |
| 7 | മാനന്തവാടി | 48,62,40,700/- | 32,42,00,700/- | 50,00,000/- | 1436 | 1273993 |
| 8 | വർക്കല | 1,15,71,000/- | 1,15,71,000/- | 28,92,750/- | 76 | 57850 |
| | ആകെ | 61,06,16,046/- | 41,26,24,143/- | 2,62,08,214/- | 2663 | 1532377 |

സെലിൻ മാത്യു